**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3552** **02-03-2023 - ൽ മറുപടിയ്ക്ക്**

**അരൂർ നിയോജക മണ്ഡലത്തിൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് തുടങ്ങുന്നതിനുള്ള നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ നിയോജക മണ്ഡലത്തിൽ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിനോടനുബന്ധിച്ച് പുതിയതായി അനുവദിച്ച കോളേജ് ഓഫ് അപ്ലൈഡ് സയൻസ് തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി - യുടെ അപ്ലൈഡ് സയൻസ് കോളേജ് കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ പ്രസ്തുത കോളേജുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 01.02.2023 - ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

/5627991/2023

**<u>അരൂർ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി കോളേജുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 01.02.2023 - ന് ഉച്ചക്ക് 12 മണിക്ക് നിയമസഭ സമുച്ചയത്തിലെ 604ാം നമ്പർ കോൺഫറൻസ് ഹാളിൽ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. എം.എൽ.എ ശ്രീമതി ദലീമയുടെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.</u>**

ഐ.എച്ച്.ആർ.ഡിയുടെ ചേർത്തല എഞ്ചിനിയറിംഗ് കോളേജും ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളും പ്രവർത്തിച്ചു വരുന്നത് KSIDC - യിൽ നിന്നും 99 വർഷത്തേക്ക് ലീസിന് ലഭിച്ച ഭൂമിയിലാണെന്ന് ഐ.എച്ച്.ആർ.ഡി ഡയറക്ടർ യോഗത്തിൽ അറിയിച്ചിരുന്നു. നിലവിൽ പ്രസ്തുത ഭൂമിയിൽ പല വഴികളിലൂടെ അനധികൃതമായി സഞ്ചാരം നടക്കുന്നുണ്ടെന്നും ഇത് സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുവെന്നും ഐ.എച്ച്.ആർ.ഡി ഡയറക്ടർ അറിയിക്കുകയുണ്ടായി.

സ്കൂളിന്റെ പരിസരവാസികളായ വീട്ടുകാരുടെ ആവശ്യത്തിലേക്കായി വഴിക്കുള്ള സ്ഥലം വിട്ടു നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റേയും പരിസരവാസികളുടേയും ആവശ്യത്തിന്മേൽ വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) ചേർത്തല അരൂക്കുറ്റി റോഡിൽ നിന്നും കയർ ഫാക്ടറിയോട് ചേർന്ന് ഐ.എച്ച്.ആർ.ഡി - യുടെ കൈവശമുള്ള ഭൂമിയിൽ നിന്നും, KSIDC - യുടെ അനുമതിക്ക് വിധേയമായി, ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന്റെ വടക്ക് ഭാഗത്ത് നിർദ്ദിഷ്ടപാതയിലേക്ക് 137 മീറ്റർ നീളത്തിലും 1.50 മീറ്റർ വീതിയിലും, തുടർന്ന് സ്കൂളിന്റെ കിഴക്കേ അതിരിൽ തെക്ക് വടക്കായി 150 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും , തുടർന്നുള്ള 170 മീറ്റർ നീളത്തിൽ 1.50 മീറ്റർ വീതിയിലും സ്ഥലം വിട്ടു നൽകുവാൻ ധാരണയായി. ടി ഭൂമിയും, സ്ഥലം ഉടമകൾ വിട്ടു നൽകാമെന്ന് വാഗ്ദാനം ചെയ്ത 170 മീറ്റർ നീളത്തിൽ 1.50 മീറ്റർ വീതിയിലുമുള്ള ഭൂമിയും ചേർത്ത് ആകെ 3 മീറ്റർ വീതിയിൽ (12 കുടുംബങ്ങൾക്ക് ) വഴി അനുവദിക്കുവാൻ ധാരണയായി.

2) വഴിക്കായി വിട്ടുകൊടുത്ത സ്ഥലം കിഴിച്ച് കോളേജിന്റെ അതിര് MLA ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ വിനിയോഗിച്ച് ചുറ്റമതിലിനു വേണ്ട ഫൗണ്ടേഷനും ബേസ്മെന്റും സ്കൂളിന്റെ തെക്ക് ഭാഗത്തു നിന്നും തുടങ്ങി വടക്ക് പടിഞ്ഞാറു ഭാഗത്തേക്കു കെട്ടി നൽകാമെന്നും സ്കൂളിന്റെ മുൻവശത്ത് ഗേറ്റും മതിലും നിർമ്മിക്കാമെന്നും ബഹു.എം.എൽ.എ സമ്മതിക്കുകയുണ്ടായി.

3) മേൽ നിർദ്ദേശിച്ച നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ, ഭാവിയിൽ ഐ.എച്ച്.ആർ.ഡി - യുടെ കൈവശമുള്ള ഭൂമിയിൽക്കൂടി പരിസരവാസികൾക്ക് യാതൊരു സഞ്ചാരസ്വാതന്ത്ര്യവും അനുവദിക്കുന്നതല്ല എന്നും തീരുമാനിച്ചു .

യോഗം 12.30 - ന് അവസാനിച്ചു.

**<u>യോഗത്തിൽ പങ്കെടുത്തവർ :-</u>**

1.Sri.Ajayan. C

Additional Secretary, Higher Education Department

2. Dr.P.Suresh Kumar
Director, IHRD

3. Sri.Sudheesh.T.S
President, Chennam Pallippuram Grama Panchayath

4. Smt.Shilja Salim
Vice President, Chennam Pallippuram Grama Panchayath

5. Smt.Minimol Surendran
Ward Member

6. Sri.K.K.Ramesan
Ward Member

7. Dr.Jaya.V.L
Principal, College of Engineering , Cherthala

8. Sri.Anandhakuttan T.K
Principal, Technical Higher Secondary School, Cherthala

9. Sri.P.R.Hari kuttan
Former Panchayath President,Chennam,Pallippuram

10. Sri. Noushil. P.M
Assistant Engineer, IHRD

11. Sri.H.Muhammed Shah
PA to M.L.A

Shini
സെക്ഷൻ ഓഫീസർ